## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3078** | **20.6.2014-ൽ മറുപടിക്ക്**

**മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ? | ഒറ്റപ്പാലം നഗരസഭയിലെ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റ് ആധുനിക വൽക്കരിക്കുന്നതിലേയ്ക്കായി നഗര സഭ തയ്യാറാക്കി സമർപ്പിച്ചിരുന്ന 128.50 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 100% സാമ്പത്തിക സഹായവും നഗരസഭയിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 20.35 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് സാങ്കേതികാനുമതിയും അവയുടെ നിർവ്വഹണത്തിലേയ്ക്കായി 10.1625 ലക്ഷം രൂപ സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. കൂടാതെ മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഓരോ വർഷവും 3.6 ലക്ഷം രൂപ വീതം നഗരസഭക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ